# മുനവ്വിറുൽ ഇസ്ലാം എയ്ഡഡ്
# ലോവർ പ്രൈമറി സ്കൂൾ




## അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഒരുക്കം

2025-30

# മുനവ്വിറുൽ ഇസ്ലാം എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഒരുക്കം

2025-30

# മുനവിറുൽ ഇസ്ലാം എയ്ഡഡ് എൽ.പി സ്കൂൾ

## കുമ്പള സബ്ജില്ല

## കാസർഗോഡ് – 671552

## ഫോൺ 9 4 9 5 8 0 1 2 4 6

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | മുനവിറുൽ ഇസ്ലാം പ്രൈമറി സ്കൂൾ |
| സ്ഥാപിതം | : | 1940 |
| പഞ്ചായത്ത് | : | എൻമകജെ ഗ്രാമപഞ്ചായത്ത് |
| വില്ലേജ് | : | എൻമകജെ |
| ബ്ലോക്ക് | : | മഞ്ചേശ്വരം |
| ജില്ല | : | കാസർഗോഡ് |
| ബി ആർ സി | : | കുമ്പള |
| സി ആർ സി | : | എൻമകജെ |
| സബ് ജില്ലാ | : | കുമ്പള |
| വിദ്യാഭ്യാസ ജില്ല | : | കാസർഗോഡ് |
| ഫോൺ | : | 9495801246 |
| ഇ-മെയിൽ | : | perlamialps@gmail.com |
| പ്രധാനാധ്യാപികയുടെ പേര് | : | കൃഷ്ണ സി പി കെ |
| മൊബൈൽ നമ്പർ | : | 9 4 9 5 8 0 1 2 4 6 |
| സ്കൂൾ മാനേജർ | : | നഫീസ എം .പി |

## ഉള്ളടക്കം


- ആമുഖം
- വിദ്യാലയത്തിന്റെ ലഘു ചരിത്രങ്ങൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
- നിലവിലെ അവസ്ഥാവിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല, ലക്ഷ്യം, പഠന നേട്ടങ്ങൾ പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
- അക്കാദമിക് കലണ്ടർ
- മോണിറ്ററിംഗ്
- ഉപസംഹാരം

# ആമുഖം

നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് വലിയ തോതിലുള്ള പിന്തുണ ലഭിച്ചുവരികയാണ്. സ്കൂൾതലത്തിലുള്ള സമഗ്രാസൂത്രണ പരിപാടിയുടെ ഭാഗമായി നടക്കുന്ന വികസന സെമിനാറുകൾ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാണ്. സ്കൂളിന്റെ സമഗ്ര വികസനത്തിന് ആവശ്യമായ വിഭവങ്ങൾ നൽകാൻ പൊതുസമൂഹം പൂർണ്ണമനസ്സോടെ മുന്നോട്ടു വരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹ്യ - രാഷ്ട്രീയ - സാംസ്കാരിക പ്രവർത്തകർ, വിവിധ സർക്കാർ ഇതര ഏജൻസികൾ എന്നിവരുടെ കൂട്ടായ്മയിലൂടെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പുതിയ അർത്ഥതലങ്ങളിലേക്ക് വ്യാപിപ്പിക്കുകയാണ്.

ഭൗതിക സാഹചര്യത്തെക്കുറിച്ച് സമൂഹത്തിനുണ്ടായി വന്ന പുതിയ ധാരണകളും സങ്കല്പങ്ങളും ഉൾക്കൊള്ളുന്ന തരത്തിലുള്ള പദ്ധതികൾ രൂപപ്പെട്ടു വരുന്നുണ്ട്. കെട്ടിടങ്ങളെ കുറിച്ചുള്ള പുത്തൻ സങ്കല്പങ്ങളും ഇതിൽ പ്രതിഫലിക്കുന്നു. മികച്ച അക്കാദമിക പദ്ധതികളുണ്ടാത്തിയാലെ തയ്യാറാക്കിയ ഭൗതിക സൗകര്യ വികസനാസൂത്രണം സ്ഥാപനത്തിന് അനുയോജ്യമാണോ എന്ന് വിലയിരുത്താൻ കഴിയൂ.

ഒരു എയ്ഡഡ് വിദ്യാലയം എന്ന നിലയിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും, ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിലും നമുക്ക് ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. ലഭ്യമായ സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിയും, മാനേജ്മെന്റിന്റെ പങ്കാളിത്തം ഉറപ്പാക്കിയും പൊതുസമൂഹത്തിന്റെ പിന്തുണയോടെയും സമഗ്രഗുണമേന്മാ വിദ്യാലയം എന്ന കാഴ്ചപ്പാട് നടപ്പിലാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പരിപാടികളുടെ ഓരോ ഘട്ടത്തിലും ആവശ്യമായ പിന്തുണ എല്ലാ വിഭാഗങ്ങളിൽ നിന്നും ഉണ്ടാകുന്നുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാലയം മുന്നോട്ട് വെച്ച പ്രവർത്തനങ്ങളിൽ പൊതുസമൂഹം കാണിക്കുന്ന താൽപര്യമാണ് നമ്മുടെ ഊർജ്ജം.

ആധുനിക സമൂഹം ആവശ്യപ്പെടുന്ന എല്ലാ സൗകര്യങ്ങളോടും കൂടി വിദ്യാലയത്തെ ഹൈടെക് ആക്കി മാറ്റേണ്ടതുണ്ട്. അക്കാദമിക മികവ് ഉറപ്പാക്കുന്നതിലൂടെ മാത്രമേ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കാൻ സാധിക്കൂ. ഭൗതിക സാഹചര്യങ്ങളുടെ മികവും വിദ്യാലയങ്ങളിലുള്ള പൊതുസമൂഹത്തിന്റെ ഇടപെടലുകളുമെല്ലാം അക്കാദമിക വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിന് കരുത്തേകി കൊണ്ടിരിക്കുകയാണ്.

## ചരിത്രം

എൻമകജെ പഞ്ചായത്തിലെ ആദ്യകാലങ്ങളിലെ വിദ്യാലയങ്ങളിൽ പ്രമുഖമായ വിദ്യാലയമായിരുന്നു മുനവ്വിറുൽ ഇസ്ലാം ലോവർ പ്രൈമറി സ്കൂൾ. ഗ്രാമീണരായ ഒരുപറ്റം ആളുകൾക്ക് അക്ഷരാഭ്യാസം നൽകുന്നതിന് സ്ഥാപിതമായ പഞ്ചായത്തിലെ ഒരേയൊരു മലയാളം സ്കൂൾ. തുടക്കത്തിൽ ഈ വിദ്യാലയം അഞ്ചാം ക്ലാസ് വരെ ഉണ്ടായിരുന്നു. കലാസാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ ഇന്ന് പ്രവർത്തിച്ചുവരുന്ന നിരവധി ആളുകൾ ഈ വിദ്യാലയത്തിന്റെ സംഭാവനയാണ്.

1940 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. തികച്ചും ലാഭേച്ഛ ഒന്നുമാത്രം ഉദ്ദേശിച്ചാണ് ഇന്നത്തെ കാലത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നത്. എന്നാൽ നമ്മുടെ വിദ്യാലയം നാടിന്റെ കരുത്തായി വളർന്നു വന്നതാണ്.

ഈ വിദ്യാലയം സ്ഥാപിച്ചത് തികച്ചും നിസ്വാർത്ഥമായ ഒരു സേവനം തന്നെയായിരുന്നു അത്.

പൊതു വിദ്യാഭ്യാസ രംഗത്ത് നിന്ന് സംജാതമായ സ്ഥിതി വിശേഷത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയത്തിലും ഇന്ന് കുട്ടികളുടെ എണ്ണം കുറഞ്ഞു വരികയാണ്. ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളായ പലരും ഇന്ന് സമൂഹത്തിലെ ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. അവരൊക്കെ ഈ വിദ്യാലയത്തെക്കുറിച്ച് തികച്ചും അഭിമാനംകൊള്ളുന്നവരുമാണ്.

ഭൗതിക സാഹചര്യത്തിന്റെ പോരായ്മകൾ പരിഹരിച്ചും, അക്കാദമിക് രംഗങ്ങൾ കൂടുതൽ മികവുറ്റതാക്കിയും നമ്മുടെ വിദ്യാലയത്തെ സമൂഹത്തിലെ നാനാമേഖലകളിലുള്ള എല്ലാവരുടെയും പിന്തുണയോടെ സർവ്വതോന്മുഖമായ പുരോഗതിക്കായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

## ലക്ഷ്യങ്ങൾ

- പ്രദേശത്തെ മുഴുവൻ കുട്ടികളുടെയും പ്രവേശനം വിദ്യാലയത്തിൽ ഉറപ്പാക്കൽ
- അതിനുതകും വിധം ഭൗതിക അക്കാദമിക മികവുകൾ സജ്ജമാക്കൾ
- ഓരോ കുട്ടികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ലഭിക്കുന്നവിധം അക്കാദമിക പ്രവർത്തനങ്ങൾ ക്രമീകരിക്കുക.
- പൊതു സമൂഹത്തിന്റെ നിരന്തര ശ്രദ്ധ വിദ്യാലയത്തിൽ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.
- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പൊതു ലക്ഷ്യങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് മികവ് നേടുക.

# അവസ്ഥ വിശകലനം

## എൻറോൾമെന്റ്

2023-24 അക്കാദമിക വർഷത്തിലെ ഓരോ ക്ലാസുകളിലെയും കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 12 | 16 | 15 | 9 | 16 | 21 | 10 | 14 | 53 | 60 |
| ആകെ | 2 | 8 | 2 | 4 | 3 | 7 | 2 | 4 | 113 | |

2024-25 അക്കാദമിക വർഷത്തിലെ ഓരോ ക്ലാസുകളിലെയും കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 10 | 9 | 8 | 16 | 14 | 10 | 12 | 16 | 44 | 51 |
| ആകെ | 1 | 9 | 2 | 4 | 2 | 4 | 2 | 8 | 95 | |

## അധ്യാപകർ

നിലവിൽ വിദ്യാലയത്തിൽ 5 അധ്യാപകരാണ് ഉള്ളത്. ഹെഡ്മിസ്ട്രസിന്റെ നേതൃത്വത്തിൽ സഹാധ്യാപകർ അക്കാദമിക രംഗത്തും, പാഠ്യേതര പ്രവർത്തനങ്ങളിലും മികച്ച രീതിയിൽ പ്രവർത്തിച്ച് കുട്ടികൾക്ക് പരിശീലനം നൽകുന്നു. ക്ലാസ് പി.ടി.എ കൾ സജീവമാണ്. ഇതിലൂടെ രക്ഷിതാക്കളുമായി ആഴത്തിലുള്ള ബന്ധം പുലർത്തുകയും അത് കുട്ടികളിൽ നല്ല മാറ്റങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.

## വിദ്യാലയം - പൊതുവിശകലനം

വിദ്യാലയത്തിലെ കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികമായി നല്ല നിലവാരം പുലർത്തുന്നവരല്ല. വിദ്യാലയ പ്രവർത്തനങ്ങളിൽ ഭൂരിഭാഗം രക്ഷിതാക്കളും തൽപരരാണ്. വിദ്യാലയവുമായി ഏതവസരത്തിലും ബന്ധപ്പെടാനും പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള അവസരം ഉണ്ട്. രക്ഷിതാക്കൾ ഇത് പരമാവധി പ്രയോജനപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ വിദ്യാലയവും, രക്ഷിതാക്കളും തമ്മിൽ നല്ല ഹൃദയബന്ധം കാത്തുസൂക്ഷിക്കുന്നു.

## നിലവിലെ നേട്ടങ്ങൾ

നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഓരോ വർഷവും ഒരുപാട് നേട്ടങ്ങൾ കൊയ്യാൻ സാധിച്ചിട്ടുണ്ട്. ശാസ്ത്ര ഗണിതശാസ്ത്ര മേളകളിലെ പ്രകടനം, കലോത്സവങ്ങളിലെ മികവ്, അറിവരങ്ങിലൂടെയുള്ള പഠന നേട്ടങ്ങൾ, പഞ്ചായത്ത് തല, സബ്ജില്ലാതല മേളകളിൽ വിദ്യാർത്ഥികൾ സമ്മാനാർഹരായിട്ടുണ്ട്. ലൈബ്രറി പുസ്തക വിതരണം കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ട്.

## പോരായ്മകൾ

ഒരു എയ്ഡഡ് വിദ്യാലയം എന്ന നിലയിൽ ഭൗതിക സൗകര്യങ്ങളിൽ ഏറെ പരിമിതികൾ അനുഭവിക്കുന്നു. ക്ലാസ് റൂമുകൾ കൂടുതൽ ആകർഷകമാക്കണം. കമ്പ്യൂട്ടർ പഠനം മെച്ചപ്പെടുത്തണം മെച്ചപ്പെടുത്തണം. ഭക്ഷണം ഇരുന്ന് കഴിക്കാനുള്ള സൗകര്യം. വാഹന സൗകര്യം എന്നിവ സജ്ജീകരിക്കേണ്ടതുണ്ട്.

# ഭൗതികാന്തരീക്ഷം - വിശകലന കുറിപ്പ്

**ക്ലാസ് മുറി**

നിലവിൽ ക്ലാസ്സുകൾ നടക്കുന്നതിന് നാല് ക്ലാസുകളും ഓഫീസുമടങ്ങുന്ന നല്ലൊരു കെട്ടിടമുണ്ട്. എൽ.കെ.ജി ക്ലാസുകൾ നടന്നുവരുന്നത് പഴയ കെട്ടിടത്തിലാണ്.

രണ്ട് സ്മാർട്ട് ക്ലാസ് റും ഉൾപ്പെടുന്ന പുതിയ കെട്ടിടം നിർമിക്കേണ്ടതായിട്ടുണ്ട്.

**ടോയ്‌ലറ്റ്**

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും യൂറോപ്യൻ ക്ലോസറ്റ് സൗകര്യമുള്ള ടൈൽസ് പതിച്ച് മെച്ചപ്പെടുത്തേണ്ടതുണ്ട്.

**ചുറ്റുമതിൽ**

സ്കൂൾ കോമ്പൗണ്ട് ഒരു വശം കല്ലുകൊണ്ടും, ബാക്കി വശം മുള്ളു വേലി കൊണ്ടും വേർതിരിക്കപ്പെട്ടിട്ടുണ്ട്. അത് മുഴുവൻ കല്ലുകെട്ടി വേർത്തിരിക്കുകയും, ആകർഷകമായ ചിത്രങ്ങൾ വരച്ച് മനോഹരമാക്കേണ്ടതുമുണ്ട്.

**കളിസ്ഥലം**

കുട്ടികൾക്ക് കളിക്കുന്നതിനായി മൈതാനം റെഡിയാക്കിയിട്ടുണ്ട്. പാർക്ക് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അതിൽ കൂടുതൽ റൈഡുകളും ആകർഷണമാക്കേണ്ടതുമുണ്ട്.

**സ്റ്റേജ്**

കുട്ടികളുടെ പരിപാടികൾ നടത്താൻ ഒരു ഓപ്പൺ സ്റ്റേജ് ആവശ്യമാണ്.

**ഹരിതവിദ്യാലയം**

സ്കൂൾ ആകർഷകമാക്കുന്നതിനും ജൈവകൃഷിയിൽ താൽപര്യം വളർത്തുന്നതിനുമായി ചെടികളും പച്ചക്കറികളും മറ്റ് തണൽ മരങ്ങളും നടാറുണ്ട്. ജൈവ പച്ചക്കറി കൃഷി പൊതുജനപങ്കാളിത്തത്തോടെ കുറച്ചുകൂടി ഭംഗിയാക്കേണ്ടതുണ്ട്.

## ജൈവവൈവിധ്യ ഉദ്യാനം

പ്രകൃതിയിൽ നിന്നുള്ള പഠനം എന്ന ആശയത്തിലൂന്നി ജൈവവൈവിധ്യ ഉദ്യാനം പൊതുജന പങ്കാളിത്തത്തോടെ നിർമ്മിച്ചെടുക്കേണ്ടതായിട്ടുണ്ട്.

## ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

നിലവിൽ മൂന്ന് ലാപ്ടോപ്പും, രണ്ട് ഡെസ്ക് ടോപ്പും, ഒരു പ്രോജക്ടറും ആണ് നമ്മുടെ സ്കൂളിൽ ഉള്ളത്. ഇന്റർനെറ്റ് കണക്ഷൻ ലഭ്യമല്ല. ഐടി അധിഷ്ഠിത പഠനം പാഠ്യ പദ്ധതിയുടെ ഭാഗമായതിനാൽ മുഴുവൻ ക്ലാസുകളിലും കമ്പ്യൂട്ടർ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കേണ്ടതുണ്ട്. അതുപോലെ എൽ.സി.ഡി പ്രൊജക്ടറും ലഭ്യമാക്കണം. ചുരുങ്ങിയത് 7 കമ്പ്യൂട്ടറുകളെങ്കിലുമുള്ള ഒരു ഐടി മുറിയും ഏർപ്പെടുത്തേണ്ടതുണ്ട്.

# അനുബന്ധ സംവിധാനങ്ങൾ

## എസ്.ആർ.ജി

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് തലത്തിൽ പഠനപ്രവർത്തനങ്ങൾ ഒരോ ആഴ്ചയിലും ചർച്ച ചെയ്ത് ആസൂത്രണം നടത്തിവരുന്നു. ഭാഷാപഠനത്തിനാവശ്യമായ പഠന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി വരാറുണ്ട്.

## പി.ടി.എ

എല്ലാ മാസങ്ങളിലും കൃത്യമായി യോഗങ്ങൾ ചേരുന്നു ഉച്ചഭക്ഷണം, പാഠ്യേതര പ്രവർത്തനങ്ങൾ, അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ കൃത്യമായി ചർച്ച ചെയ്യുന്നു. വർഷത്തിൽ മൂന്നിൽ കൂടുതൽ തവണ ജനറൽ പി.ടി.എ യോഗങ്ങൾ ചേരാറുണ്ട്.

## ക്ലബ്ബ് പ്രവർത്തനങ്ങൾ

വിഷയവുമായി ബന്ധപ്പെട്ടതും പൊതുവായതുമായ എല്ലാ ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാക്കണം. ഓരോ ക്ലബ്ബുകളും ഓരോ മാസവും ഓരോ പരിപാടികൾ എങ്കിലും ഏറ്റെടുത്തു നടത്താൻ ശ്രദ്ധിക്കണം. മേളകളിൽ സജീവ സാന്നിധ്യം ഉണ്ടാകാറുണ്ട്.

**ലൈബ്രറി**

എല്ലാ ക്ലാസുകളിലും ക്ലാസ്സ് ലൈബ്രറി സജ്ജമാക്കിയിട്ടുണ്ട്. പിറന്നാൾ ദിനത്തിൽ പിറന്നാൾ പുസ്തകങ്ങൾ കുട്ടികൾ നൽകാറുണ്ട്. കൂടാതെ ഹെഡ്മിസ്ട്രസ്സിന്റെ ഉത്തരവാദിത്വത്തിൽ കുട്ടികളുടെ ലൈബ്രറിയും പ്രവർത്തിക്കുന്നു.

**സ്കൂൾ അസംബ്ലി**

ആഴ്ചയിൽ രണ്ട് ദിവസം സ്കൂൾ അസംബ്ലി നടത്താറുണ്ട്. പത്രവായന, ദിനാചരണ പ്രാധാന്യം പതിപ്പ് പ്രകാശനം എന്നിവ അസംബ്ലിയിൽ നടത്താറുണ്ട്.

**കലാകായിക പരിശീലനം**

കലാകായിക പ്രവൃത്തി പരിചയമേഖലകളിൽ കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു. ഉപജില്ലാ മേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.

**ഭക്ഷ്യമേള**

കുട്ടികളുടെ ഭക്ഷണകാര്യങ്ങളിൽ ആരോഗ്യകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് ഭക്ഷ്യമേളകൾ നടത്താറുണ്ട്.

**ബാലസഭ**

കുട്ടികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള ബാലസഭകൾ എല്ലാ മാസവും നടത്താറുണ്ട്.

**സാമൂഹ്യ പങ്കാളിത്തം - നിലവിലെ അവസ്ഥ**

പി.ടി.എ, മദർ പി.ടി.എ പ്രവർത്തനങ്ങൾ സജീവമാണ്. സ്കൂളിലെ പ്രവർത്തനങ്ങളിൽ പൊതുപങ്കാളിത്തം ഉണ്ടാവാറുണ്ട്.

**കുട്ടികളുടെ പഠനനിലവാരം**

പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾ ഓരോ ക്ലാസിലും ഉണ്ട്. അടിസ്ഥാന ശേഷികൾ അതത് ക്ലാസുകളിൽ ഉറപ്പിക്കാൻ ശ്രദ്ധിക്കാറുണ്ട്. മലയാളത്തിളക്കം പരിപാടി വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. ഇംഗ്ലീഷിന് പ്രത്യേകം ക്ലാസുകൾ നടക്കുന്നു. മികച്ച നിലവാരം പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് അതിനനുസരിച്ച് പ്രവർത്തനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കാറുണ്ട്.

- നിലവിൽ എല്ലാ കുട്ടികളും ഉപയോഗിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടറുകൾ ഇല്ല. കൂടുതൽ കമ്പ്യൂട്ടറുകളുടെ സൗകര്യമുണ്ടാക്കേണ്ടതുണ്ട്.
- സി.ഡി.ലൈബ്രറി, പഠന പ്രവർത്തനങ്ങൾക്കാവശ്യമായ എൽ.സി.ഡി പ്രൊജക്ടറുകൾ ആവശ്യമാണ്.
- സയൻസ്, ഗണിത, പരിസ്ഥിതി പ്രവർത്തന പഠനത്തിനാവശ്യമായ ലാബ് ഉപകരണങ്ങൾ ആവശ്യമാണ്.
- കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കാനാവശ്യമായ ബോർഡുകൾ ക്ലാസ്സുകൾതോറും വേണ്ടതാണ്.
- അമ്മമാരുടെ പുസ്തക ശേഖരണവും അത് സൂക്ഷിക്കാനാവശ്യമായ ഷെൽഫും, അമ്മമാരുടെ മേൽ നോട്ടത്തിൽ പുസ്തകവിതരണവും നടത്തണം.
- ഗണിത പഠനത്തിനാവശ്യമായ ഗണിതകിറ്റ്, കൂടാതെ സയൻസ് കോർണർ, ക്വിസ് എന്നിവക്കാവശ്യമായ സാമഗ്രികളും ആവശ്യമാണ്. പരിസരപഠനത്തിനാവശ്യമായ മേപ്പ്, ഗ്ലോബ്, പുസ്തകങ്ങൾ എന്നിവ ആവശ്യമാണ്.
- കുട്ടികളുടെ സർഗ്ഗ വാസനകളെ പോഷിപ്പിക്കുന്നതിനുതകുന്ന സ്കൂൾ വാർഷികം നടത്താനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതുണ്ട്.
- കുട്ടികളുടെ പാർക്ക്, സാമൂഹ്യശാസ്ത്ര മ്യൂസിയം, ആർട്ട് ഗ്യാലറി എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

**ഭൗതികം**

- ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങളോടുകൂടിയ പാചകശാലയും അതിനോടനുബന്ധിച്ച് ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോർ മുറിയും ആവശ്യമാണ്., കുട്ടികൾക്ക് ഭക്ഷണം കഴിക്കാൻ ഭക്ഷണശാല ആവശ്യമാണ്.
- നിലവിൽ കമ്പ്യൂട്ടറുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ മുറികളില്ല കൂടുതൽ കമ്പ്യൂട്ടറുകളും അതിനുള്ള കമ്പ്യൂട്ടർ ലാബ് സൗകര്യവും ആവശ്യമാണ്.
- സ്കൂൾ ഓഫീസിലേക്കും ക്ലാസ് മുറികളിലേക്കും ആവശ്യമായ ഫർണിച്ചറുകൾ ഉണ്ടാക്കേണ്ടതുണ്ട്.
- എല്ലാ ക്ലാസ് മുറികളിലും കുട്ടികൾക്ക് കുടിക്കാനാവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതാണ്.

- ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങളും അവ സൂക്ഷിക്കുന്നതിനാവശ്യമായ ഷെൽഫുകളും സജ്ജീകരിക്കുക.
- ആവശ്യത്തിനുള്ള ശിശുസൗഹൃദക്ലാസ്മുറികൾ നിർമ്മിക്കുക. ഒപ്പംതന്നെ സ്മാർട്ട് ക്ലാസ്റൂമുകൾ കൂടി ഉണ്ടാക്കുക
- ക്ലാസ് റൂമുകൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി എൽ.സി.ഡി.പ്രൊജക്ടറുകൾ ആവശ്യമാണ്.
- വിദ്യാലയ മുറ്റത്ത് ഒഴിവുള്ള സ്ഥലങ്ങളെ ഉപയോഗപ്പെടുത്തി ആകർഷണീയമായ പൂന്തോട്ടം ഉണ്ടാക്കുക.
- വിദ്യാർത്ഥികളുടെ അറിവുകൾ വർദ്ധിപ്പിക്കുന്നതിനുതകുന്ന വിക്ടർചാനൽ സംപ്രേക്ഷണം ചെയ്യുന്ന പരിപാടികൾ കാണുന്നതിന് ടെലിവിഷൻ സൗകര്യം ഉണ്ടാക്കുക
- ഐ.ടി. മേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അറിവുകൾ നേടുന്നതിനായി ലാപ്പ്ടോപ്പുകൾ ലഭ്യമാക്കുക
- ഉച്ചഭക്ഷണത്തിനായി വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പച്ചക്കറി തോട്ടം വിപുലപ്പെടുത്തുകയും കാർഷിക പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.

**സാമൂഹികം**

- അദ്ധ്യാപക-രക്ഷാകർതൃ,മിതി. മാതൃസമിതി എന്നിവയുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സജീവമാക്കുക.
- രക്ഷിതാക്കളെ ബോധവത്കരിക്കാനാവശ്യമായ സെമിനാറുകളും ക്ലാസ്സുകളും നടത്തുക.
- അയൽപക്ക പാഠശാല എന്ന രീതിയിൽ സെമിനാറുകളും, പുസ്തക ചർച്ചകളും സംഘടിപ്പിക്കുക.
- പൂർവ്വ വിദ്യാർത്ഥികളുടെയും, സാമൂഹ്യ സംഘടനകളുടെയും സേവനങ്ങളും സഹായങ്ങളും തേടുക.
- വായനശാലകളുമായി ബന്ധപ്പെട്ട് ബാലവേദിയുടെ ശാക്തീകരണം നടത്തുക.

3. **Opportunity (സാധ്യതകൾ)**

- പൊതുസമൂഹത്തിനുകൂടി പ്രയോജനപ്പെടുത്താവുന്ന ഓഡിറ്റോറിയം
- വിദ്യാലയ വികസനത്തിന് സ്പോൺസർഷിപ്പുകൾ
- മികച്ച റഫറൻസ് ലൈബ്രറി
- കളിസ്ഥലം, പാർക്ക്, പൂന്തോട്ടം എന്നിവയുടെ നിർമ്മാണം

4. **Threats (ഭീഷണികൾ)**

- സ്വകാര്യ ഇംഗ്ലീഷ് വിദ്യാലയങ്ങളോടുള്ള പൊതുസമൂഹത്തിന്റെ അഭിനിവേശം
- ഗവൺമെന്റ് സ്കൂളുകൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എയിഡഡ് സ്കൂളിൽ ലഭ്യമാകാത്ത അവസ്ഥ.

## 11. വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ (Vision Statement)

ഭൗതികവും അക്കാദമികവും സാമൂഹ്യപരവുമായ മേഖലകളിൽ വിദ്യാലയം കൈവരിച്ച മികവുകൾ നിലനിർത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം പഠന പിന്നോക്കാവസ്ഥ പരിഹരിക്കുകയും മാനേജ്മെന്റിന്റെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെ ഭൗതികസാഹചര്യങ്ങളും അക്കാദമിക സാഹചര്യങ്ങളും വികസിപ്പിക്കുകയും പ്രാദേശിക സമൂഹത്തിന്റെ പൊതുഇടമായി വിദ്യാലയത്തെ മാറ്റിയെടുക്കുക.

# I Std

## മലയാളം

ലക്ഷ്യങ്ങൾ

1. ശബ്ദവും ലിപിയും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു.
2. സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ എഴുതുന്നു. വാക്യങ്ങൾ എഴുതുന്നു. ആശയങ്ങൾ എഴുതുന്നു.
3. കേട്ടതോ വായിച്ചതോ ആയ പാട്ടുകൾ ചൊല്ലി അവതരിപ്പിക്കുന്നു. വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു.
4. നിശ്ചിതപാഠത്തിൽ നിന്ന് ആവശ്യമായ പദങ്ങൾ, ആശയങ്ങൾ എന്നിവ കണ്ടെത്തി പറയുകയും എഴുതുകയും ചെയ്യുന്നു.
5. പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ, സംഭാഷണങ്ങൾ, കവിത, വിവരണം എന്നിവയിലൂടെ അവതരിപ്പിക്കുന്നു.
6. ലളിതമായ കഥകൾ ലഘുവാക്യങ്ങളിൽ പറയുകയും എഴുതുകയും ചെയ്യുന്നു.
7. സ്വന്തം അനുഭവങ്ങൾ ലളിതമായ വാക്യങ്ങളിൽ വിവരിക്കുന്നു.
8. അക്ഷരശുദ്ധി, വാക്യശുദ്ധി, ചിഹ്നം, ഇടവിടൽ എന്നിവ പാലിച്ച് രചനയിൽ ഏർപ്പെടുന്നു.
9. പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകൽ.

<u>പ്രതീക്ഷിതനേട്ടങ്ങൾ</u>

- വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കൽ
- പദങ്ങൾ, വാക്യങ്ങൾ, ആശയങ്ങൾ എഴുതുന്നു.
- വരികൾ കൂട്ടിച്ചേർത്ത് പറയുന്നു. പാടുന്നു.
- ആവശ്യമായ പദങ്ങൾ കണ്ടെത്തി പറയുന്നു. എഴുതുന്നു.
- കവിത, സംഭാഷണം, വിവരണം എന്നിവ തയ്യാറാക്കുന്നു.
- കഥകൾ പറയാനും ലഘുവാക്യങ്ങളിൽ എഴുതാനും സാധിക്കുന്നു.
- ഡയറി എഴുത്ത്
- എഴുതാനുള്ള ശേഷി കൈവരിക്കുന്നു.
- മുഴുവൻ കുട്ടികൾക്കും എഴുത്തും വായനയും.

I Std

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശബ്ദവും ലിപിയും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു. | പദകാർഡ് നൽകൽ<br>അക്ഷരകാർഡ് നൽകൽ<br>പദങ്ങൾക്കിടയിൽ വരയിടൽ<br>ആദ്യം ആര്?<br>കൂടുതൽ ആർക്ക്? | ആഗസ്ത് സപ്തംബർ | ക്ലാസ് അധ്യാപിക | - |
| സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ എഴുതുന്നു. വാക്യങ്ങൾ എഴുതുന്നു. ആശയങ്ങൾ എഴുതുന്നു. | പദനിർമ്മാണം<br>വാക്യനിർമ്മാണം<br>വാക്കുകൾ കണ്ടെത്തൽ<br>എത്ര പദങ്ങൾ?<br>പൂരിപ്പിക്കൽ | ആഗസ്ത് ഡിസംബർ | ക്ലാസ് അധ്യാപിക | |
| കേട്ടതോ വായിച്ചതോ ആയ പാട്ടുകൾ ചൊല്ലി അവതരിപ്പിക്കുന്നു. വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു | പാടാം എഴുതാം<br>വരികൾ കൂട്ടിച്ചേർക്കാം<br>പദങ്ങൾ മാറ്റി എഴുതാം<br>കൂട്ടിച്ചേർക്കാം | സപ്തംബർ ജനുവരി | ക്ലാസ് അധ്യാപിക<br>ബാലസഭ<br>എസ്.ആർ.ജി | |
| നിശ്ചിതപാഠത്തിൽ നിന്ന് ആവശ്യമായ പദങ്ങൾ, ആശയങ്ങൾ എന്നിവ കണ്ടെത്തി പറയുകയും എഴുതുകയും ചെയ്യുന്നു. | വായിക്കാം<br>കണ്ടെത്താം<br>ആദ്യം ആര്?<br>അടിയിൽ വരയ്ക്കാം<br>എടുത്തെഴുതാം | ആഗസ്ത് ജനുവരി | ക്ലാസ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ, സംഭാഷണങ്ങൾ, കവിത, വിവരണം എന്നിവയിലൂടെ അവതരിപ്പിക്കുന്നു. | കഥയെ മാറ്റിയെഴുതാം<br>സംഭാഷണമെഴുതാം<br>മാറ്റിപ്പാടാം<br>പതിപ്പ് തയ്യാറാക്കൽ | ഒക്ടോബർ ജനുവരി | ക്ലാസ് അധ്യാപിക<br>എസ്.ആർ.ജി | |
| ലളിതമായ കഥകൾ ലഘുവാക്യങ്ങളിൽ പറയുകയും എഴുതുകയും ചെയ്യുന്നു. | ചോദ്യം ചോദിക്കാം<br>ബാക്കിപറയൽ<br>കഥാചാർട്ട് പൂർത്തിയാക്കൽ<br>ചിത്രകാർഡ്<br>സന്ദർഭം പറയൽ | ആഗസ്ത് ഫെബ്രുവരി | ക്ലാസ് അധ്യാപിക | |
| സ്വന്തം അനുഭവങ്ങൾ ലളിതമായ വാക്യങ്ങളിൽ വിവരിക്കുന്നു. (ഡയറി എഴുത്ത്) | പങ്കുവയ്ക്കാം<br>അസംബ്ലിയിൽ ഡയറിവായന<br>കൂട്ടുകാരോട് ചോദിക്കാം | ഫെബ്രുവരി | ക്ലാസ് അധ്യാപിക<br>എച്ച്.എം<br>(അസംബ്ലി) | |
| അക്ഷരശുദ്ധി,വാക്യശുദ്ധി, ചിഹ്നം, ഇടവിടൽ എന്നിവ പാലിച്ച് രചനയിൽ ഏർപ്പെടുന്നു. | നിശ്ചിതപാഠഭാഗം നോക്കി എഴുതൽ<br>പദകാർഡ് - എഴുത്ത്<br>വാക്കുകൾ , വാക്യങ്ങൾ എഴുതിയ കാർഡ് നൽകൽ | ഒക്ടോബർ ഫെബ്രുവരി | ക്ലാസ് അധ്യാപിക | |
| പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകൽ | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷരകാർഡ് നൽകൽ | | ക്ലാസ് അധ്യാപിക<br>എസ്.ആർ.ജി | |

## ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

1. ലളിതമായ കഥകൾ കേട്ട് ആസ്വദിക്കൽ
2. നിർദ്ദേശങ്ങള മനസ്സിലാക്കി അനുസരിച്ച് പ്രവർത്തിക്കാനുള്ള ശേഷി വളർത്തിയെടുക്കൽ
3. വായന മെച്ചപ്പെടുത്തൽ
4. വരികൾ കൂട്ടിച്ചേർക്കൽ
5. ഇംഗ്ലീഷ് ഭാഷകേട്ട് ആശയം മനസ്സിലാക്കാനും തന്റെ ആശയങ്ങൾ പ്രകടിപ്പിക്കാനും കഴിയുന്നു. (Communication)

### പ്രതീക്ഷിത നേട്ടങ്ങൾ

- കഥകൾ ഇഷ്ടപ്പെടൽ
- ഇംഗ്ലീഷ് ഭാഷയോട് താത്പര്യം ജനിപ്പിക്കൽ

I Std

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലളിതമായ കഥകൾ കേട്ട് ആസ്വദിക്കൽ | Simple stories<br>words cards<br>theature games<br>CD യിൽ കഥ കൾ കേട്ടും കണ്ടും ആസ്വദി ക്കുന്നു. | എല്ലാ ആഴ്ചയിലും | ക്ലാസ് അധ്യാപിക | - |
| നിർദ്ദേശങ്ങള മനസ്സി ലാക്കി അനുസരിച്ച് പ്രവർത്തിക്കാനുള്ള ശേഷി വളർത്തിയെടു ക്കൽ | Language game<br>Dialogue<br>Word game<br>Word puzzles | എല്ലാ ആഴ്ചയിലും | ക്ലാസ് അധ്യാപിക | |
| വായന മെച്ചപ്പെടുത്തൽ | Reading cards<br>Picture description<br>riddles | എല്ലാ ആഴ്ചയിലും | ക്ലാസ് അധ്യാപിക | |
| വരികൾ കൂട്ടിച്ചേർക്കൽ | action songs<br>add more lines | എല്ലാ ആഴ്ചയിലും | ക്ലാസ് അധ്യാപിക | |
| ഇംഗ്ലീഷ് ഭാഷകേട്ട് ആശയം മനസ്സിലാ ക്കാനും തന്റെ ആശ യങ്ങൾ പ്രകടിപ്പി ക്കാനും കഴിയുന്നു. (Communication) | Picture description<br>Who am I<br>Fruits salad – (game)<br>Mask game<br>Head and a tail | എല്ലാ ദിവസവും | ക്ലാസ് അധ്യാപിക | |

# ഗണിതം

## ലക്ഷ്യങ്ങൾ

1. 100 വരെയുള്ള സംഖ്യകൾ തിരിച്ചറിയുകയും സാമാന്യമായ സംഖ്യാബോധം ഉറപ്പിക്കുകയും ചെയ്യുന്നു.
2. രണ്ട് സംഖ്യകളുടെ തുക കാണുന്നത് ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. (30 വരെ തുക ലഭിക്കുന്നത്)
3. 20 ൽ താഴെയുള്ള സംഖ്യകളുടെ വ്യവകലനക്രിയ ഉൾപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നു.
4. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു.
5. നാണയങ്ങളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുന്നു. ഒരു നാണയത്തിന് മറ്റു നാണയങ്ങളുമായുള്ള ബന്ധം കണ്ടെത്താൻ.
6. സംഖ്യാപാറ്റേൺ നിരീക്ഷിച്ച് യുക്തി വിശദീകരിക്കുന്നു.
7. അംഗീകൃതമല്ലാത്ത അളവുകൾ ഉപയോഗിച്ച് നീളം, വീതി അളക്കുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

- 1 മുതൽ 100 വരെ സംഖ്യാബോധം
- സങ്കലനം ശേഷി കൈവരിക്കൽ
- വ്യവകലനം ശേഷി കൈവരിക്കൽ
- നിത്യജീവിതവുമായി ഗണിതത്തെ ബന്ധിപ്പിക്കൽ
- നാണയങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കൽ
- കറൻസിനോട്ട് പരിചയപ്പെടൽ
- സംഖ്യാപാറ്റേൺ സ്വന്തമായി ഉണ്ടാക്കുന്നു.
- അംഗീകൃതമല്ലാത്ത അളവുകൾ ഉപയോഗിച്ച് നീളം, വീതി അളക്കാൻ സാധിക്കുന്നു.

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 100 വരെയുള്ള സംഖ്യ കൾ തിരിച്ചറിയുകയും സാമാന്യമായ സംഖ്യാബോധം ഉറപ്പിക്കുകയും ചെയ്യുന്നു | ആദ്യം ആര്?<br>നടുവിൽ ആര്?<br>ശേഷം ആര്?<br>ഒന്നിടവിട്ട സംഖ്യ കൾ എഴുതാം.<br>കൂട്ടുകാരെ കണ്ടെത്താം<br>സംഖ്യാകാർഡുകൾ നൽകൽ<br>പറയാം എഴുതാം | ജൂലായ് നവംബർ | ക്ലാസ് അധ്യാപിക | - |
| രണ്ട് സംഖ്യകളുടെ തുക കാണുന്നത് ഉൾപെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. (30 വരെ തുക ലഭിക്കുന്നത്) | കൂട്ടമാക്കാം<br>മന:ക്കണക്ക്<br>യോജിപ്പിക്കാം<br>വഴി കാണിക്കാം<br>സംഖ്യാമാല<br>കൂട്ടുകാരെ കണ്ടെത്താം | ഒക്ടോബർ ഫെബ്രുവരി | ക്ലാസ് അധ്യാപിക | |
| 20 – ൽ താഴെയുള്ള സംഖ്യകളുടെ വ്യവകലനക്രിയ ഉൾപെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നു. | കൂട്ടുകാരെ കണ്ടെത്താം<br>സംഖ്യാചാർട്ട്<br>സംഖ്യാമാല<br>പൂരിപ്പിക്കാം<br>കൂട്ടുകാരെ കണ്ടെത്താം | ഒക്ടോബർ ഫെബ്രുവരി | ക്ലാസ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു | കടയിൽ പോകാം<br>ചന്തയിൽ പോകാം<br>കളിപ്പാട്ടം നിർമ്മിക്കാം<br>സങ്കലനചാർട്ട് | നവംബർ<br>ജനുവരി | ക്ലാസ് അധ്യാപിക | |
| നാണയങ്ങളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുന്നു. ഒരു നാണയത്തിന് മറ്റു നാണയങ്ങളുമായുള്ള ബന്ധം കണ്ടെത്താൻ. | കളിനാണയങ്ങൾ ഉപയോഗിച്ചുള്ള കളികൾ<br>ചന്തയിലേക്ക്<br>വിലയെത്ര?<br>കൂടുതൽ ആർക്ക് | ഫെബ്രുവരി | ക്ലാസ് അധ്യാപിക | |
| ഒരു കറൻസിനോട്ടിനു മറ്റു കറൻസിനോട്ടുമായുള്ള ബന്ധം കണ്ടെത്തൽ | കളിനോട്ട് ഉപയോഗിച്ച് കച്ചവടകളി<br>ചന്തയിലേക്ക്<br>പറയാമോ? | ഫെബ്രുവരി | ക്ലാസ് അധ്യാപിക | |
| സംഖ്യാപാറ്റേൺ നിരീക്ഷിച്ച് യുക്തി വിശദീകരിക്കുന്നു | അടുത്തത് ആര്?<br>വിവിധസംഖ്യാപാറ്റേൺ ഉണ്ടാക്കൽ } | ആഗസ്ത്<br>നവംബർ | ക്ലാസ് അധ്യാപിക | |
| അംഗീകൃതമല്ലാത്ത അളവുകൾ ഉപയോഗിച്ച് നീളം, വീതി അളക്കുന്നു | ക്രമീകരിക്കാം<br>വലുതേത്?<br>ചെറുതേത്?<br>വരച്ചു യോജിപ്പിക്കാം. | ജനുവരി<br>ഫെബ്രുവരി | ക്ലാസ് അധ്യാപിക | |

## പരുസരപഠനം

### ലക്ഷ്യങ്ങൾ

1. നിരീക്ഷണം, താരതമ്യം, വർഗീകരണം എന്നിവ പരിപോഷിപ്പിക്കുന്നു. ശാസ്ത്രീയവീക്ഷണം രൂപപ്പെടുത്തുന്നു.
2. പരിസ്ഥിതിസൗഹൃദ മനോഭാവം ജനിപ്പിക്കൽ.
3. ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുന്നു.
4. വിവിധ ആഘോഷങ്ങൾ ഉണ്ടെന്ന് തിരിച്ചറിയുകയും അവയുടെ ഒരുക്കങ്ങൾ, ആഘോഷിക്കുന്ന രീതി, ചടങ്ങുകൾ എന്നിവയിലൂടെ സാമ്യവ്യത്യാസങ്ങൾതിരിച്ചറിയുകയും വാചികമായി പ്രകടിപ്പിക്കുകയും ചെയ്യുന്നു.
5. പ്രധാന ദേശീയദിനാഘോഷങ്ങൾ എന്തൊക്കെയെന്ന് തിരിച്ചറിഞ്ഞ് അവയെക്കുറിച്ച് പറയുന്നു എഴുതുന്നു.
6. നല്ല ആഹാരശീലങ്ങൾ തിരിച്ചറിഞ്ഞ് പാലിക്കുന്നു. വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
7. ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. താൽപ്പര്യം ജനിപ്പിക്കുന്നു. കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുന്നു.

### പ്രതീക്ഷിത നേട്ടങ്ങൾ

- നിരീക്ഷണശേഷി കൈവരിക്കുന്നു.
- പരിസ്ഥിതിയുമായി സൗഹൃദം ജനിപ്പിക്കൽ
- ദൈനംദിനജീവിതവുമായുള്ള ബന്ധം മനസ്സിലാക്കുന്നു.
- വിവിധ ആഘോഷങ്ങൾ തിരിച്ചറിയുന്നു.
- ദേശീയ ദിനാഘോഷങ്ങൾ തിരിച്ചറിയുന്നു.
- ആഹാരശീലങ്ങൾ തിരിച്ചറിയുന്നു.
- വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- പരീക്ഷണങ്ങളിൽ താൽപ്പര്യം ജനിപ്പിക്കുന്നു.

I Std പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം,താരതമ്യം, വർഗീകരണം എന്നിവ പരിപോഷിപ്പിക്കുന്നു. ശാസ്ത്രീയവീക്ഷണം രൂപപ്പെടുത്തുന്നു. | പരിസരനടത്തം സൂക്ഷ്മതലത്തിലുള്ള നിരീക്ഷണം ക്ലാസിൽ പലഹാര പ്രദർശനം | ജൂലായ് ഫെബ്രുവരി | ക്ലാസ് അധ്യാപിക എച്ച്.എം പി.ടി.എ | ക്ലാസ് പി.ടി.എ |
| പരിസ്ഥിതിസൗഹൃദ മനോഭാവം ജനിപ്പിക്കൽ | ഫീൽഡ് ട്രിപ്പ് പരിസരനടത്തം | ജനുവരി | ക്ലാസ് അധ്യാപിക എസ്.ആർ.ജി | പി.ടി.എ |
| ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുന്നു | ക്ലാസിൽ ഒരു കട പച്ചക്കറിക്കടയിലേക്ക് | നവംബർ ഫെബ്രുവരി | ക്ലാസ് അധ്യാപിക | |
| വിവിധ ആഘോഷങ്ങൾ ഉണ്ടെന്ന് തിരിച്ചറിയുകയും അവയുടെ ഒരുക്കങ്ങൾ, ആഘോഷിക്കുന്ന രീതി, ചടങ്ങുകൾ എന്നിവയിലൂടെ സാമ്യവ്യത്യാസങ്ങൾതിരിച്ചറിയുകയും വാചികമായി പ്രകടിപ്പിക്കുകയും ചെയ്യുന്നു. | സി.ഡി പ്രദർശനം<br>വിവിധ ആഘോഷങ്ങളുടെ ചിത്രപ്രദർശനം<br>ഉത്സവപറമ്പിലേക്ക് ഒരു യാത്ര | ഒക്ടോബർ ഫെബ്രുവരി | ക്ലാസ് അധ്യാപിക പി.ടി.എ എസ്.ആർ.ജി | പി.ടി.എ |

| | | | | |
|---|---|---|---|---|
| പ്രധാന ദേശീയദിനാഘോഷങ്ങൾ എന്തൊക്കെയെന്ന് തിരിച്ചറിഞ്ഞ് അവയെക്കുറിച്ച് പറയുന്നു എഴുതുന്നു. | അസംബ്ലി ബോധവൽക്കരണം<br>സി.ഡി പ്രദർശനം<br>കലണ്ടറിൽ എന്തൊക്കെ | ആഗസ്ത്<br>ജനുവരി | ക്ലാസ് അധ്യാപിക<br>എച്ച്.എം | |
| നല്ല ആഹാരശീലങ്ങൾ തിരിച്ചറിഞ്ഞ് പാലിക്കുന്നു. വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. | സി.ഡി പ്രദർശനം<br>ഹെൽത്ത് ക്ലബ്ബിന്റെ ബോധവൽക്കരണക്ലാസ്.<br>വിവിധ തരത്തിൽ കൈകഴുതൽ | ജൂൺ | ക്ലാസ് അധ്യാപിക | |
| ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. താൽപ്പര്യം ജനിപ്പിക്കുന്നു. കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുന്നു. | ക്ലാസിൽ പരീക്ഷണമൂല ഒരുക്കുന്നു.<br>സന്ദർഭത്തിനനുസരിച്ച് പരീക്ഷണം ചെയ്യുന്നു.<br>ആഴ്ചയിൽ ഒരു പരീക്ഷണം | ജൂലായ്<br>ഫെബ്രുവരി | ക്ലാസ് അധ്യാപിക | |

# ക്ലാസ് II

## മലയാളം

പൊതുലക്ഷ്യങ്ങൾ:

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു.
2. വായന പരിപോഷണം
3. കുട്ടിക്കവിതകൾ, പാട്ടുകൾ ഈണത്തിൽ പാടുന്നതിനും ആസ്വദിക്കുന്നതിനും വരികൾ കൂട്ടിച്ചേർക്കുന്നതിനും.
4. ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുവാനുള്ള ശേഷി ഉണ്ടാക്കുന്നു.
5. കഥകൾ കേട്ടാസ്വദിക്കുകയും കഥാപൂരണം നടത്തുകയും ചെയ്യുന്നു.
6. ലിഖിത രൂപത്തിലുള്ള ആശയപ്രകടനമാതൃകകൾ പ്രകടമാക്കുക, സ്വതന്ത്രരചനയിൽ ഏർപ്പെടുക.

## പ്രതീക്ഷിത നേട്ടങ്ങൾ

1. ഭാഷാപരമായ ശേഷികൾ കൈവരിക്കുന്നു.
2. കുട്ടിയെ മികച്ച വായനക്കാരനാക്കുന്നു.
3. കവിത ആസ്വദിക്കുന്നതിനും ഈണത്തിൽ അവതരിപ്പിക്കുന്നതിനും.
4. ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുന്നു.
5. കഥകൾ ആസ്വദിക്കുന്നതിനും കഥാപൂരണം നടത്തുന്നു.
6. വിവിധ ലിഖിതങ്ങളിൽ ഏർപ്പെടുന്നു. സ്വതന്ത്ര്യരചനയിൽ ഏർപ്പെടുന്നു.

ക്ലാസ് : II

വിഷയം : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു. | • അക്ഷരക്കാർഡ് വിതരണം ചെയ്ത് വായനയിലേക്ക് ഊന്നൽ നൽകൽ<br>• ആഭരണമണിയിക്കൽ<br>• അക്ഷര-ചിത്ര-വാക്യ കാർഡുകൾ ഉപയോഗിച്ചുള്ള വായന<br>• വാക്യനിർമ്മാണം - ചിത്രങ്ങൾ നിരീക്ഷിച്ച്<br>• അക്ഷരപ്പാട്ടുകൾ - ശേഖരണം, അവതരണം | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ് ടീച്ചർ | |
| വായന പരിപോഷിപ്പിക്കൽ | • വായനകാർഡുകൾ നിർമ്മാണം<br>• പത്രവായന, ഡയറിക്കുറിപ്പ് തുടങ്ങിയവ അസംബ്ലിയിൽ അവതരിപ്പിക്കൽ<br>• വായിച്ച ലൈബ്രറി പുസ്തകങ്ങളുടെ വായനാകുറിപ്പ് തയ്യാറാക്കൽ, അവതരിപ്പിക്കൽ<br>• വായനാനുഭവങ്ങൾ കുട്ടികൾ പരസ്പരം പങ്കുവയ്ക്കൽ<br>• വായനാമത്സരം സംഘടിപ്പിക്കുക<br>• പുസ്തകക്വിസ് സംഘടിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | പി.ടി.എ 500 |

| | | | | |
|---|---|---|---|---|
| കുട്ടിക്കവിതകൾ, പാട്ടുകൾ ഈണത്തിൽ പാടുന്നതിനും ആസ്വദിക്കുന്നതിനും വരികൾ കൂട്ടിച്ചേർക്കുന്നതിനും. | • കുട്ടിക്കവിതകൾ, കുട്ടിപ്പാട്ടുകൾ ശേഖരിക്കൽ<br>• കുട്ടിക്കവിതകൾ അവതരിപ്പിക്കൽ<br>• പാട്ടുകൾ ശേഖരിച്ച് ഈണത്തിൽ അവതരിപ്പിക്കൽ<br>• കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കൽ, സമാനമായ വരികൾ കൂട്ടിച്ചേർക്കൽ<br>• വരികൾ കൂട്ടിച്ചേർത്ത് ക്ലാസിൽ ഒരു പതിപ്പ് (കുട്ടിക്കവിതകൾ) തയ്യാറാക്കൽ<br>• കുട്ടിക്കവിതകൾ, കവിതകൾ എന്നിവയുടെ ഓഡിയോ, വീഡിയോ പ്രദർശനം | സപ്തംബർ മുതൽ ഡിസംബർ വരെ | ക്ലാസ് ടീച്ചർ | പി.ടി.എ 500 |
| ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുവാനുള്ള ശേഷി ഉണ്ടാക്കുന്നു. | • വിവിധ കലാപരിപാടികൾ അവതരിപ്പിക്കൽ.<br>• സ്കിറ്റ്<br>• കടങ്കഥാ അവതരണം<br>• ബാലസഭ<br>• വായിച്ച കഥകൾ/ പാട്ടുകൾ ഇവയുടെ അവതരണം<br>• ഏതെങ്കിലും ഒരു വിഷയവുമായി ബന്ധപ്പെട്ട ഒരു ചർച്ച സംഘടിപ്പിക്കൽ | ജനുവരി മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ പി.ടി.എ | പി.ടി.എ 1000 |

| | | | | |
|---|---|---|---|---|
| കഥകൾ കേട്ടാസ്വദിക്കുന്നതിനും കഥാപൂരണം നടത്തുകയും ചെയ്യുന്നു. | • കൂടുതൽ കഥകൾ കണ്ടെത്തി വായിക്കൽ<br>• വായിച്ച കഥയുടെ ആശയം ക്ലാസിൽ അവതരിപ്പിക്കൽ<br>• കഥാപൂരണം നടത്തൽ<br>• കൊച്ചുകഥകൾ ഉൾപ്പെടുത്തി ഒരു പതിപ്പ് തയ്യാറാക്കൽ.<br>• കഥകളുടെ ഓഡിയോ /വീഡിയോ പ്രദർശനം | ഫെബ്രുവരി മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | പി.ടി.എ 500/ |
| ലിഖിതരൂപത്തിലുള്ള ആശയപ്രകടനമാതൃകകൾ പ്രകടമാക്കുക, സ്വതന്ത്രരചനയിൽ ഏർപ്പെടുക | • നാടൻകളികൾ - കുറിപ്പ് തയ്യാറാക്കൽ<br>• പഴയകാലവീടിനെക്കുറിച്ച് കൂടുതൽ അറിയാൻ മുതിർന്നവരുമായി ഒരു അഭിമുഖം<br>• പാഠഭാഗവുമായി ബന്ധപ്പെട്ട് സംഭാഷണം, വിവരണം, ആസ്വാദനക്കുറിപ്പ്, ക്ഷണക്കത്ത് തുടങ്ങിയവയുടെ അവതരിപ്പിക്കൽ<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ നടത്തിയ രചനകളുടെ പ്രദർശനം. | ജൂൺ മുതൽ ഡിസംബർ വരെ | ക്ലാസ് ടീച്ചർ | പി.ടി.എ 200/ |

# ക്ലാസ് II

## ഇംഗ്ലീഷ്

പൊതുലക്ഷ്യങ്ങൾ:

1. കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താൻ Love English Programme.
2. ഇംഗ്ലീഷ് ഭാഷകേട്ട് ആശയം മനസ്സിലാക്കി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. (Communication English)
3. ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുന്നു.
4. ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നു.
5. ചിത്രവായന നടത്തി ലഘുവാക്യങ്ങൾ എഴുതുന്നു, പറയുന്നു.
6. വരികൾ കൂട്ടിച്ചേർക്കുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

- ഇംഗ്ലീഷിനോടുള്ള താൽപര്യം ഉണ്ടാകുന്നു.
- To develop communication skill.
- To develop English vocabulary
- To develop English knowledge and expressions.
- making sentences with ‘ing’ forms.
- in, on prepositions.

ക്ലാസ് : II

വിഷയം : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ | • Letter card<br>• Word card<br>• Rearrange the letters and words<br>• action songs<br>• Puzzles, Magic square<br>• Audio, Vedio സംവിധാനങ്ങൾ ഉപയോഗിച്ച് Rhymes, Stories എന്നിവ കേൾപ്പിക്കാൻ | June to March | Class teacher | SRG<br>SSA |
| ഇംഗ്ലീഷ് ഭാഷ കേട്ട് ആശയം മനസ്സിലാക്കി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. | • പാഠഭാഗത്തെ നാടകീകരണസന്ദർഭങ്ങൾ കണ്ടെത്തി അവതരിപ്പിക്കൽ | February | Class teacher | SRG<br>SSA |
| ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ | • A day a word അവതരണം<br>• My English word നോട്ടീസ് ബോർഡിൽ പ്രദർശനം.<br>• അതിന്റെ reading & writing<br>• Note book ൽ രേഖപ്പെടുത്തൽ | June to March | Class teacher | |
| ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നു. | • Class room market & field trip to market<br>• Communicative English class ആഴ്ചയിൽ ഒരു ദിവസം<br>• Speech about something in English Assembly | September to February | Resource Teacher | PTA<br>Rs.5000/- |

| | | | | |
|---|---|---|---|---|
| Picture Reading and writing | • Work Sheet ഉണ്ടാക്കി അതിലെ ചിത്രം നോക്കി പറയുന്നു, എഴുതുന്നു. | June to March | Class teacher | PTA<br>SRG<br>Rs. 500/- |
| വരികൾ കൂട്ടി ച്ചേർക്കുന്നു. | • Action songs, collection, presentation | June to March | Class teacher | |
| Writing abilities | • Identify and fill the sentences with 'ing' forms.<br>• Fill the sentences using 'in', 'on' prepositions | June to March | Class teacher | |

# ക്ലാസ് II

## ഇംഗ്ലീഷ്

പൊതുലക്ഷ്യങ്ങൾ:

7. കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താൻ Love English Programme.
8. ഇംഗ്ലീഷ് ഭാഷകേട്ട് ആശയം മനസ്സിലാക്കി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. (Communication English)
9. ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുന്നു.
10. ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നു.
11. ചിത്രവായന നടത്തി ലഘുവാക്യങ്ങൾ എഴുതുന്നു, പറയുന്നു.
12. വരികൾ കൂട്ടിച്ചേർക്കുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

- ഇംഗ്ലീഷിനോടുള്ള താൽപര്യം ഉണ്ടാകുന്നു.
- To develop communication skill.
- To develop English vocabulary
- To develop English knowledge and expressions.
- making sentences with ‘ing’ forms.
- in, on prepositions.

ക്ലാസ് : II

വിഷയം : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ | • Letter card<br>• Word card<br>• Rearrange the letters and words<br>• action songs<br>• Puzzles, Magic square<br>• Audio, Vedio സംവിധാനങ്ങൾ ഉപയോഗിച്ച് Rhymes, Stories എന്നിവ കേൾപ്പിക്കാൻ | June to March | Class teacher | SRG<br>SSA |
| ഇംഗ്ലീഷ് ഭാഷ കേട്ട് ആശയം മനസ്സിലാക്കി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. | • പാഠഭാഗത്തെ നാടകീകരണസന്ദർഭങ്ങൾ കണ്ടെത്തി അവതരിപ്പിക്കൽ | February | Class teacher | SRG<br>SSA |
| ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ | • A day a word അവതരണം<br>• My English word നോട്ടീസ് ബോർഡിൽ പ്രദർശനം.<br>• അതിന്റെ reading & writing<br>• Note book ൽ രേഖപ്പെടുത്തൽ | June to March | Class teacher | |
| ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നു. | • Class room market & field trip to market<br>• Communicative English class ആഴ്ചയിൽ ഒരു ദിവസം<br>• Speech about something | September to February | Resource Teacher | PTA<br>Rs.5000/- |

| | | | | |
|---|---|---|---|---|
| | in English Assembly | | | |

## ക്ലാസ് II

## പരിസരപഠനം

### പൊതുലക്ഷ്യങ്ങൾ

1. സ്വന്തം നാടിനെക്കുറിച്ചറിയുന്നു, വീടിനെക്കുറിച്ചറിയുന്നു.
2. തൊഴിലുകളുടെ വ്യത്യസ്തത തിരിച്ചറിയുന്നു.
3. ആരോഗ്യശുചിത്വശീലങ്ങൾ പാലിക്കാൻ പ്രാപ്തരാക്കുന്നു.
4. ജീവനുള്ളവയുടെ പ്രത്യേകതകൾ
5. ലഘുപരീക്ഷണ നിരീക്ഷണങ്ങൾ
6. വിവിധ വാഹനങ്ങളും റോഡ് നിയമങ്ങളും അറിയൽ.
7. ഭക്ഷണസാധനങ്ങൾ - ധാരണ

### പ്രതീക്ഷിതനേട്ടങ്ങൾ

- സ്വന്തം ചുറ്റുപാടിനെക്കുറിച്ചുള്ള ധാരണ.
- തൊഴിലിന്റെ മഹത്വം തിരിച്ചറിയുന്നു.
- ആരോഗ്യശുചിത്വബോധം ഉണ്ടാക്കൽ.
- ജീവികൾ കൂടുതൽ അറിവ്
- പരീക്ഷണ നിരീക്ഷണ പ്രാവീണ്യം
- റോഡ് നിയമങ്ങളെക്കുറിച്ചുള്ള ധാരണ
- ഭക്ഷണസാധനങ്ങളെക്കുറിച്ചുള്ള അറിവ്

ക്ലാസ് : II

വിഷയം : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| സ്വന്തം നാടി നെക്കുറിച്ചും വീടിനെക്കു റിച്ചും അറി യുന്നു | • പലതരം വീടുകൾ - ഒരു സന്ദർശനയാത്ര.<br>• പലതരം വീടുകൾ, വീടു നിർമ്മാണഘട്ടങ്ങൾ - സന്ദർശനം.<br>• ചിത്രശേഖരണവും, പതിപ്പ് തയ്യാറാക്കൽ (പഴയകാല വീടുകൾ)<br>• പഴയകാലവീടുകളെക്കുറിച്ച് കൂടുതൽ അറിയുന്നതിനായി മുതിർന്നവരുമായി ഒരു അഭി മുഖം<br>• വീടുനിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലുകൾ കണ്ടെത്തൽ<br>• സ്വന്തം നാടിനെക്കുറിച്ചടുത്ത റിയാൻ ഫീൽഡ്ട്രിപ്പ് | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ് ടീച്ചർ | പി.ടി.എ 500/- |
| തൊഴിലുക ളുടെ വ്യത്യ സ്തത തിരിച്ച റിയുന്നു | • തൊഴിൽ കൂടുതലറിയാൻ ഒരു സർവ്വെ<br>• മുതിർന്നവരുമായി ഒരു അഭി മുഖം (വിഷയം - പഴയകാല തൊഴിലുകൾ)<br>• ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കു | സപ്തംബർ മുതൽ ഡിസംബർ | ക്ലാസ് ടീച്ചർ | പി.ടി.എ 1000/- |

| | | | | |
|---|---|---|---|---|
| | ക.<br>• തൊഴിൽശാലാ സന്ദർശനം<br>• വിവിധതരം തൊഴിലുകൾ - ചിത്രങ്ങൾ, കുറിപ്പ് ഉൾപ്പെടുത്തി ഒരു പതിപ്പ് | | | |
| ആരോഗ്യ-ശുചിത്വശീലങ്ങൾ പാലിക്കുവാൻ പ്രാപ്തരാക്കുന്നു. | • ശുചിത്വമില്ലായ്മ മൂലം ഉണ്ടാകുന്ന രോഗങ്ങൾ, അവയുടെ കാരണങ്ങൾ കൂടുതലറിയുന്നതിനായി ഡോക്ടറുമായി ഒരു അഭിമുഖം.<br>• ബോധവൽക്കരണ ക്ലാസ്<br>• ജനങ്ങളെ ആരോഗ്യ-ശുചിത്വ ബോധവൽക്കരണത്തിന്റെ ഭാഗമായി ബോധവൽക്കരണറാലി സംഘടിപ്പിക്കുന്നു.<br>• രോഗങ്ങൾക്കെതിരെ ജാഗ്രതാനിർദ്ദേശം കാണിച്ചുകൊണ്ടുള്ള അറിയിപ്പ് ബോർഡ്.<br>• ശുചിത്വശീലങ്ങൾ (വ്യക്തിശുചിത്വം, ആഹാരശുചിത്വം) - ഒരു പതിപ്പ്.<br>• തൊട്ടടുത്തുള്ള ആശുപത്രി സന്ദർശനം | സപ്തംബർ മുതൽ ഡിസംബർ | പി.ടി.എ ക്ലാസ് ടീച്ചർ | പി.ടി.എ 1000/- |
| ജീവനുള്ളവയുടെ പ്രത്യേകതകൾ - ജീവികളെ അവയുടെ സഞ്ചാരരീതിക്കനുസരിച്ച് തരംതിരിക്കൽ | • മൃഗങ്ങളുമായി ബന്ധപ്പെട്ട കടങ്കഥകൾ ശേഖരിക്കൽ, അവതരിപ്പിക്കൽ.<br>• മൃഗങ്ങളുടെ ചിത്രങ്ങൾ, കുറിപ്പ് എന്നിവ ഉൾപെടുത്തി ഒരു പതിപ്പ് തയ്യാറാക്കൽ.<br>• മൃഗങ്ങൾ, പക്ഷികൾ ഇവയെ പറക്കുന്നവ, ഇഴയുന്നവ, നടക്കുന്നവ, നീന്തുന്നവ എന്നിങ്ങനെ തരംതിരിച്ച് പട്ടിക തയ്യാറാക്കൽ. | സപ്തംബർ മുതൽ ഡിസംബർ | പി.ടി.എ ക്ലാസ് ടീച്ചർ | പി.ടി.എ 1000/- |

| | | | | |
|---|---|---|---|---|
| | • തൊട്ടടുത്തുള്ള മൃഗശാലാസന്ദർശനം<br>• മൃഗങ്ങളുടെ സഞ്ചാരരീതി - ക്ലാസിൽ ഒരു സ്കിറ്റ് അവതരണം<br>• വിവിധ മൃഗങ്ങൾ - വിഡിയോ പ്രദർശനം. | | | |
| ലഘുപരീക്ഷണനിരീക്ഷണങ്ങൾ | • ക്ലാസിൽ ഒരു പരീക്ഷണശാല (ജലത്തിൽ മുങ്ങുന്നവ, പൊങ്ങുന്നവയും, ജലത്തിൽ അലിയാത്തവ, ജലം വലിച്ചെടുക്കുന്നവ, വലിച്ചെടുക്കാത്തവ)<br>• തൊട്ടടുത്തുള്ള കുളം നിരീക്ഷണം<br>• ക്ലാസിൽ ഒരു അക്വേറിയം ഒരുക്കൽ<br>• വെള്ളം മലിനമാകുന്നതിനെതിരെ ബോധവൽക്കരണറാലി സംഘടിപ്പിക്കൽ/പോസ്റ്റർ തയ്യാറാക്കൽ | ജനുവരി മുതൽ ഫെബ്രുവരി | ക്ലാസ് ടീച്ചർ | പി.ടി.എ 200/- |
| വിവിധ വാഹനങ്ങളും റോഡ് നിയമങ്ങളും അറിയൽ, അത് നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുക | • ട്രാഫിക് സിഗ്നലുകൾ, റോഡ് നിയമങ്ങൾ ഉൾക്കൊള്ളുന്ന ബോധവൽക്കരണക്ലാസ്<br>• ട്രാഫിക് സിഗ്നലുകൾ - ഒരു സന്ദർശനയാത്ര.<br>• വിവിധ വാഹനങ്ങൾ - ചിത്രശേഖരണം, പതിപ്പ് തയ്യാറാക്കൽ.<br>• റോഡപകടങ്ങളുമായി ബന്ധപ്പെട്ട വാർത്തശേഖരണം.<br>• റോഡുനിയമങ്ങൾ - സ്കൂളിൽ ഒരു വിളംബര ഘോഷയാത്ര | ഫെബ്രുവരി മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | 500/- |
| ഭക്ഷണസാധനങ്ങളുമായി ബന്ധപ്പെട്ട ധാരണ | • ക്ലാസിൽ ഒരു പാചകം<br>• പതിപ്പ്- ആഹാരസാധനങ്ങൾ<br>• മേനിപറയൽ-പച്ചക്കറികൾ, പലഹാരങ്ങൾ | ഫെബ്രുവരി മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | പി.ടി.എ 500/- |

| | | | | |
|---|---|---|---|---|
| | • എന്റെ ഇഷ്ടവിഭവം-കുറിപ്പ്<br>• വിവിധ കറികൾ, പലഹാരങ്ങൾ - അവയുടെ നിർമ്മാണ രീതി-പതിപ്പ് തയ്യാറാക്കൽ | | | |

## ക്ലാസ് II

## ഗണിതം

### പൊതുലക്ഷ്യങ്ങൾ

1. 1000 വരെയുള്ള സംഖ്യാബോധം നേടുന്നു.
2. സങ്കലനം, വ്യവകലനം, ഗുണനം (2,5,10) എന്നീ ക്രിയകളിൽ പ്രാവീണ്യം നേടൽ.
3. സങ്കലനം, വ്യവകലനം, ഗുണനം എന്നീ ക്രിയകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നം പരിഹരിക്കുന്നു.
4. നാണയങ്ങൾ, കറൻസികൾ പരിചയപ്പെടൽ, വ്യവഹാരക്രിയകൾ ചെയ്യൽ.
5. ചാൺ, ചുവട് എന്നിവയിലുള്ള ധാരണ.
6. കലണ്ടർ പരിചയപ്പെടൽ അതുമായി ബന്ധപ്പെട്ട പാറ്റേണുകൾ
7. യുക്തി ചിന്ത, മന:ക്കണക്ക് എന്നിവയിൽ പ്രാവീണ്യം നേടൽ
8. ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ.

### പ്രതീക്ഷിതനേട്ടങ്ങൾ

- സംഖ്യാബോധം
- സങ്കലനം, വ്യവകലനം ഉപയോഗിച്ച് പ്രായോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.
- നാണയങ്ങൾ, കറൻസി ഉപയോഗിച്ചുള്ള പ്രശ്നനിർദ്ധാരണം.
- ചാൺ, ചുവട് എന്ന ധാരണ.

- കലണ്ടറുമായി ആഴത്തിലുള്ള അറിവ്.
- യുക്തിചിന്ത, മനക്കണക്ക് ഉപയോഗിച്ച് പ്രശ്നനിർദ്ധാരണം.
- ജ്യാമിതീയരൂപങ്ങളിലുള്ള അറിവ്.

ക്ലാസ് : II

വിഷയം : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1000 വരെയുള്ള സംഖ്യാബോധം നേടുന്നു. | • സംഖ്യാകാർഡുകൾ നൽകുന്നു.<br>• സംഖ്യാകാർഡിലെ സംഖ്യകൾ കുട്ടി തിരിച്ചറിഞ്ഞ് പൊതുവായി അവതരിപ്പിക്കൽ.<br>• ഈർക്കിൽ, മഞ്ചാടി ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കൽ.<br>• സ്വന്തമായുള്ള സംഖ്യാകാർഡ് നിർമ്മാണം | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ് ടീച്ചർ | പി.ടി.എ 500/- |
| സങ്കലനം, വ്യവകലനം, ഗുണനം (2,5,10) എന്നീ ക്രിയകൾ പ്രാവീണ്യം ഇവ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | • സംഖ്യാകാർഡുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>• ക്ലാസിൽ ഒരു കളിച്ചന്ത തയ്യാറാക്കൽ.<br>• കടയിലേക്ക് ഒരു യാത്ര.<br>• വിലവിവരപട്ടിക-ശേഖരണം<br>• അബാക്കസ്, സംഖ്യാപോക്കറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | പി.ടി.എ 1000/- |
| നാണയങ്ങൾ, | | സപ്തംബർ | ക്ലാസ് | 200 |

| | | | | |
|---|---|---|---|---|
| കറൻസികൾ പരിചയപ്പെടൽ, വ്യവഹാരക്രിയകൾ ചെയ്യൽ | • വിവിധതരം നാണയങ്ങൾ (പഴയകാലം) പ്രദർശനം.<br>• നാണയങ്ങൾ, കറൻസികൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.<br>• കളിനോട്ട് പ്രദർശനം, നിർമ്മാണം.<br>• കളിനോട്ടുമായി ബന്ധപ്പെട്ട് ക്ലാസിൽ കളിച്ചന്ത ഒരുക്കൽ.<br>• സ്വന്തമായി കളിനോട്ട് നിർമ്മാണം.<br>• കളിനോട്ട് വച്ചുള്ള കളി. | മുതൽ ഡിസംബർ | ടീച്ചർ | |
| ചാൺ, ചുവട് എന്നിവയിലുള്ള ധാരണ | • ബ്ലാക്ക് ബോർഡ്, ഡസ്ക്ക്, നോട്ട്ബുക്ക് തുടങ്ങിയവയെല്ലാം ചാൺ ഉപയോഗിച്ച് അളക്കുന്നു.<br>• ക്ലാസ്മുറിയുടെ നീളം എത്ര ചുവട് കുട്ടികൾ കണ്ടെത്തട്ടെ<br>• സ്കൂൾ ചുറ്റളവ്, ഗ്രൗണ്ട് ഉപയോഗിച്ചുള്ള അളക്കൽ | സപ്തംബർ മുതൽ ഡിസംബർ | ക്ലാസ് ടീച്ചർ | |
| കലണ്ടർ പരിചയപ്പെടൽ, അതുമായി ബന്ധപ്പെട്ട പാറ്റേണുകൾ | • കലണ്ടർ പ്രദർശനം<br>• കലണ്ടർ നിർമ്മാണം<br>• പാറ്റേൺ നിർമ്മാണം<br>• വിവിധതരം കലണ്ടറുകൾ-ശേഖരണം<br>• മലയാളമാസങ്ങൾ, ഇംഗ്ലീഷ് മാസങ്ങൾ പട്ടിക തയ്യാറാക്കൽ<br>• വിശേഷദിവസങ്ങൾ - പതിപ്പ് തയ്യാറാക്കൽ<br>• വിവിധതരം പാറ്റേണുകളുടെ ശേഖരണം | സപ്തംബർ മുതൽ ജനുവരി | ക്ലാസ് ടീച്ചർ | പി.ടി.എ 200/- |
| യുക്തിചിന്ത, മനക്കണക്ക് എന്നിവയിൽ പ്രാവീണ്യം നേടൽ | • യുക്തിചിന്ത വളർത്തുന്ന പ്രായോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br>• പാറ്റേണുകൾ പൂർത്തിയാക്കൽ<br>• ചിത്രപാറ്റേണുകൾ നിർമ്മിക്കാൻ അബാക്കസ് | ഡിസംബർ മുതൽ ഫെബ്രുവരി | ക്ലാസ് ടീച്ചർ, പി.ടി.എ | പി.ടി.എ 500/- |

| | | | | |
|---|---|---|---|---|
| ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ ത്രികോണം, വൃത്തം, ചതുരം | • കാർഡ് ബോർഡ്/തെർമോകോൾ ഉപയോഗിച്ചുള്ള വീട് നിർമ്മാണം.<br>• തീപ്പെട്ടിക്കൂടുകൾ- രൂപങ്ങൾ നിർമ്മിക്കൽ<br>• ത്രികോണം, വൃത്തം, ചതുരം ഉപയോഗിച്ചുള്ള പാറ്റേൺ നിർമ്മാണം.<br>• ജ്യാമിതീയരൂപങ്ങൾ ഉപയോഗിച്ചുള്ള ചിത്രരചന | ജനുവരി മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | പി.ടി.എ 500/- |

# ക്ലാസ് : III

## മലയാളം

### പൊതുലക്ഷ്യങ്ങൾ

1. ഒരു സാഹിത്യരൂപത്തെ വ്യത്യസ്തരൂപത്തിൽ ആവിഷ്ക്കരിക്കുന്നു.
2. കുട്ടികളെ മികച്ച വായനക്കാരാക്കുക.
3. സർഗ്ഗാത്മക രചനകളിലേർപ്പെടുന്നു.
4. മഹാന്മാരുടെ ജീവിതത്തെക്കുറിച്ചറിയുന്നു.
5. വായനയിലൂടെ ഭാഷാവികാസം സാധ്യമാകുന്നു.
6. കഥ/കവിത ആസ്വാദനപ്രവർത്തനങ്ങൾ നടത്തുന്നു.

### പ്രതീക്ഷിതനേട്ടങ്ങൾ

- ഒരു വ്യവഹാരരൂപത്തെ വ്യത്യസ്തരൂപത്തിൽ ആവിഷ്ക്കരിക്കുന്നു.
- കുട്ടികളെ മികച്ച വായനക്കാരാക്കുന്നു.
- സർഗ്ഗാത്മകരചനകൾ ശേഖരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.

- കുട്ടികളിൽ സർഗ്ഗാത്മക രചനാശേഷി വളർത്തുന്നു.
- മഹാന്മാരുടെ ജീവിതത്തെക്കുറിച്ചറിയാനും ജീവിതത്തിൽ നല്ല ആശയങ്ങൾ പ്രയോജനപ്പെടുത്താനും കഴിയുന്നു.
- വ്യവഹാരരൂപങ്ങളെ സ്വന്തം ഭാഷയിൽ എഴുതി അവതരിപ്പിക്കുന്നു.
- വായനയിലൂടെ ഭാഷാവികാസം സാധ്യമാകുന്നു.
- കവിതകൾ കേട്ടും ചൊല്ലിയും ആസ്വദിക്കുന്നു.
- വിവിധ വ്യവഹാരരൂപങ്ങളിലൂടെ ഭാഷാവികാസം സാധ്യമാകുന്നു.
- ഭാഷാപരമായ ശേഷികൾ കൈവരിക്കുന്നു.

**ക്ലാസ് : III** **വിഷയം : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു സാഹിത്യരൂപത്തിലേക്ക് മാറ്റി എഴുതുന്നു. | • പാഠഭാഗത്തെ കവിതയുടെ റേഡിയോ, വിഡിയോ പ്രദർശനം<br>• പരിചയപ്പെട്ട കവിതയെ കഥ / നാടക രൂപത്തിലേക്ക് മാറ്റി എഴുതുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | |
| ശബ്ദവ്യതിയാനം, ഒഴുക്ക്, ഉച്ചാരണശുദ്ധി എന്നിവയോടെയുള്ള വായന | • വായനാകാർഡുകൾ നിർമ്മാണം<br>• വായനക്കൂട്ടം രൂപീകരിക്കൽ<br>• ക്ലാസ് പ്രവർത്തനങ്ങളുടെ ഫലമായി തയ്യാറാക്കിയ രചനകൾ,ഡയറിക്കുറിപ്പ്, പത്രവാ | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ SRG | 2000 |

| | | | | |
|---|---|---|---|---|
| | യന തുടങ്ങിയവ അസംബ്ലി യിൽ അവതരിപ്പിക്കൽ.<br>• വായനാനുഭവങ്ങൾ പങ്കു വയ്ക്കൽ<br>• വായിച്ച പുസ്തകത്തിലെ ഒരു ഭാഗം ക്ലാസിലും അസംബ്ലി യിലും ഉറക്കെ വായിക്കൽ<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തകസമാഹരണം | | | |
| നിശ്ചിതവിഷയവു മായി ബന്ധപ്പെട്ട വ്യവഹാരരൂപങ്ങ ളുടെ ശേഖര ണവും അവതര ണവും | • അധ്വാനത്തിന്റെ മഹത്വം വിളി ച്ചോതുന്ന കഥ/കവിത ശേഖരി ക്കൽ. അവയെ റോൾപ്ലേ/ മൈമിംഗ് എന്നിവയിലൂടെ അവതരിപ്പിക്കൽ<br>• കൃഷിക്കാരനുമായി അഭിമുഖം | ആഗസ്ത് സപ്തംബർ | ക്ലാസ് ടീച്ചർ SRG | |
| സർഗ്ഗാത്മകത രചനകളിലേർപ്പെ ടാൻ അവസര മൊരുക്കൽ വിവിധ സാഹി ത്യരൂപങ്ങൾ പരി ചയപ്പെടൽ | • ആശംസാകാർഡ് നിർമാണം<br>• നിർമ്മിച്ച കാർഡ് കൂട്ടുകാരന് കൈമാറൽ<br>• കുട്ടുകാരന് കത്തെഴുതൽ, മേൽവിലാസമെഴുതി പോസ്റ്റ് ചെയ്യൽ<br>• പാഠഭാഗത്തെ കഥയുടെ വിഡിയോ പ്രദർശനം. തുടർന്ന് കഥയെ നാടകരൂപ ത്തിൽ എഴുതൽ.<br>• കഥയരങ്ങ്, രചനാശിൽപ്പശാല എന്നിവ സംഘടിപ്പിക്കൽ | സെപ്തംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG | 2000/- |
| മഹാന്മാരുടെ ജീവിതത്തെക്കു റിച്ചും അവരുടെ ആശയങ്ങളെക്കു | • കുട്ടികൾക്കറിയാവുന്ന മഹവ്യ ക്തികളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയ്യാറാക്കൽ<br>• ജീവചരിത്രക്കുറിപ്പ്/ ആത്മകഥ | ഒക്ടോബർ ജനുവരി | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| റിച്ചും മനസ്സിലാക്കാൻ | വായന<br>• മഹാന്മാരെക്കുറിച്ചുള്ള സി.ഡി പ്രദർശനം<br>• മഹദ്വചനങ്ങൾ ശേഖരിക്കലും അസംബ്ലിയിൽ അവതരിക്കലും<br>• മഹാന്മാരുടെ ജീവിതത്തിലെ സന്ദർഭങ്ങൾ ബാലസഭയിൽ അവതരിപ്പിക്കൽ. | എല്ലാ ദിവസവും<br>പ്രതിമാസം | SRG | |
| നാടൻകളികളെക്കുറിച്ചറിയുന്നു. സർഗ്ഗാത്മകരചനകളിലേർപ്പെടുന്നു | • നാടൻകളികൾ കളിക്കൽ<br>• കളി വിവരണം<br>• കളികൾ - വി.ഡി.യോ<br>• കളിക്കാരെ പരിചയപ്പെടുത്തൽ<br>• നാടൻകളികൾ / പാട്ടുകൾ<br>• ഏകദിന ക്യാമ്പ്<br>• ചിത്രത്തിൽ നിന്നും കഥ/അടിക്കുറിപ്പ് തയ്യാറാക്കൽ പതിപ്പ് നിർമ്മാണം. | നവംബർ | ക്ലാസ് ടീച്ചർ<br>SRG | |
| ശാസ്ത്രബോധവും ചരിത്രബോധവും വളർത്തിയെടുക്കുന്നതിലൂടെ ഭാഷാവികാസം സാധ്യമാക്കുന്നു. | • ശാസ്ത്രകഥകൾ ശേഖരണം<br>• ശാസ്ത്രകഥകൾ വായിച്ച് കുറിപ്പ് തയ്യാറാക്കൽ.തുടർന്ന് ക്ലാസിലും അസംബ്ലിയിലും അവതരിപ്പിക്കൽ.<br>• ശാസ്ത്രപ്പതിപ്പ് തയ്യാറാക്കൽ<br>• പാഠഭാഗത്തെ ശാസ്ത്രകഥ ബാലസഭയിൽ സ്കിറ്റ് രൂപത്തിൽ അവതരിപ്പിക്കൽ. | ഡിസംബർ<br>പ്രതിമാസം | ക്ലാസ് ടീച്ചർ<br>SRG | |
| കവിതാസ്വാദനത്തിലൂടെ ഭാഷാവികാസം സാധ്യമാക്കുന്നു. | • പാഠഭാഗത്തെ കവിതയുടെ ഓഡിയോ കേൾപ്പിക്കാൻ<br>• കവിയരങ്ങ്<br>• കവിതാരചന, പതിപ്പ് നിർമ്മാണം.<br>• പ്രാദേശിക എഴുത്തുകാരുമായി സംവദിക്കൽ<br>• കവിതയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ. അവതരിപ്പിക്കൽ | ജനുവരി | ക്ലാസ് ടീച്ചർ<br>SRG | |

| | | | | |
|---|---|---|---|---|
| ഭാഷാവികാസത്തെ സ്വാധീനിക്കുന്ന വിവിധ വ്യവഹാരരൂപങ്ങൾ പരിചയപ്പെടൽ | • പ്രശസ്ത വ്യക്തികളുടെ ആത്മകഥകൾ പരിചയപ്പെടുത്തൽ.<br>• അസംബ്ലിയിൽ പുസ്തക പരിചയം<br>• ദൃക്സാക്ഷി വിവരണം കേൾപ്പിക്കൽ (ഓഡിയോ)<br>• സ്കൂളിൽ കളികളുടെ ദൃക്സാക്ഷി വിവരണം നടത്തൽ.<br>• റേഡിയോ നാടകം പരിചയപ്പെടുത്തൽ, ഓഡിയോ കേൾപ്പിക്കൽ.<br>• പാഠഭാഗത്തെ റേഡിയോ നാടകരൂപത്തിൽ അവതരിപ്പിക്കൽ. | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | ക്ലാസ് ടീച്ചർ<br>SRG | |
| ഭാഷാപരമായ വിവിധ ശേഷികളുടെ വികസനം | • പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ രചനകളുടെ പ്രദർശനവും അവതരണവും.<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ രചനകളുടെ പ്രദർശനം. | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ<br>SRG | |

### പ്രവർത്തനം .1

### മേഖല അടിസ്ഥാനശേഷി വികസനം.

### ഉപമേഖല – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് കൂടുതൽ പഠനസന്ദർഭങ്ങൾ സൃഷ്ടിക്കൽ | റീഡിംഗ് കോർണർ– എല്ലാ ക്ലാസുകളിലും ലളിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ, ബാലമാസികകൾ എന്നിവ ശേഖരിച്ച് വായനാമൂല ഒരുക്കൽ | ജൂലൈ | SRG | 1500<br>SSA | ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം. |

### പ്രവർത്തനം .2

**മേഖല അടിസ്ഥാനശേഷി വികസനം.**

**ഉപമേഖല – ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിതദിവസം നൽകുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - | |

**പ്രവർത്തനം .3**

**മേഖല അടിസ്ഥാനശേഷി വികസനം.**

**ഉപമേഖല – ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| പാഠഭാഗം കൂടുതൽ ആസ്വാദ്യകരമാക്കൽ | Drama & Theatre പാഠഭാഗത്തെ നാടകീയകരണസന്ദർഭങ്ങൾ കണ്ടെത്തൽ, script writing അവതരണം | പ്രതിവാരം | അധ്യാപകർ കുട്ടികൾ ഇംഗ്ലീഷ് ക്ലബ്ബ് | - | ഇംഗ്ലീഷ് ആശയവിനിമയ ശേഷി വികസിപ്പിക്കുന്നു. |

**പ്രവർത്തനം .4**

**മേഖല അടിസ്ഥാനശേഷി വികസനം.**

**ഉപമേഖല – ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നതിന് | Sweet English കേൾക്കുവാനും പറയുവാനുമുള്ള അവസരം. ആശയവിനിമയം English games. | പ്രതിവാരം | അധ്യാപകർ | - | ഇംഗ്ലീഷ് സംസാരശേഷി വികസിപ്പിക്കുന്നു. |

**പ്രവർത്തനം .5**

**മേഖല അടിസ്ഥാനശേഷി വികസനം.**

## ഉപമേഖല – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| Vocabulary Development | My English World - ഓരോ കുട്ടിയും ദിവസവും ഒരു English word കണ്ടെത്തി എഴുതുന്നു. ഗ്രൂപ്പിൽ അത് ഡയറിയിലേക്ക് മാറ്റുന്നു. വർഷാവസാനം ഒരു ഇംഗ്ലീഷ് ഡിക്ഷണറി ലഭിക്കുന്നു. | ജൂലായ് ഫെബ്രുവരി (മധ്യകാലം) | അധ്യാപകർ | - | ഇംഗ്ലീഷ് പദ സമ്പത്ത് വർദ്ധിക്കൽ. |

## പ്രവർത്തനം .6

## മേഖല അടിസ്ഥാനശേഷി വികസനം.

## ഉപമേഖല – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| writing | Small description. Add more lines picture descriptions. | സെപ്തംബർ ഫെബ്രുവരി | അധ്യാപകർ | - | |

## ക്ലാസ് : III പരിസരപഠനം

**പൊതുലക്ഷ്യങ്ങൾ:**

1. നിരീക്ഷണം, താരതമ്യം, വർഗീകരണം, ലഘുപരീക്ഷണം, നിഗമനം എന്നീ പ്രക്രിയാശേഷികളിലൂടെ ശാസ്ത്രപഠനത്തിൽ താൽപ്പര്യം ഉണ്ടാക്കുന്നു. ശാസ്ത്രാഭിരുചി വളർത്തുന്നു.
2. നിരീക്ഷണ-പരീക്ഷണങ്ങൾ ദൈനംദിന ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നു.
3. നല്ല ആഹാര ആരോഗ്യശീലങ്ങൾ വളർത്തുന്നു.
4. തൊഴിലിന്റെ മാഹാത്മ്യം തിരിച്ചറിയുന്നു.
5. റോഡ് നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാകുന്നു.

6. നമ്മുടെ സംസ്ഥാനം, ജില്ല എന്നിവയെക്കുറിച്ചുള്ള പ്രാഥമിക ധാരണ കൈവരിക്കുന്നു.
